വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, 30-6-1999-ന് സർവ്വീസിൽനിന്നും റിട്ടയർ ചെയ്യേണ്ട ഹാന്റ്ക്സ് എം.ഡി. ശ്രീ. മോഹൻകുമാറിന് 1-7-1999 മുതൽ 3 മാസത്തേക്ക് പുനർനിയമനം നടത്താനായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ശ്രീ. മോഹൻകുമാറിനെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതായി വ്യവസായ വകുപ്പിനോ ഹാന്റ്ക്സിനോ യാതൊരറിവും ലഭിച്ചിട്ടില്ല. എന്നാൽ സി.ഐ. പ്രദീപ് എന്നൊരാൾ ഒരു പരാതി ഹാന്റ്ക്സ് എം.ഡി. മോഹൻകുമാർ, മുൻ ഹാന്റ്ലൂം ഡയറക്ടർ ജോർജ് ജോസഫ്, ഹാന്റ്ക്സ് ഡയറക്ടർ, മറ്റ് ബോർഡ് മെമ്പേഴ്സ് എന്നിവർ അഴിമതി കാണിച്ചുവെന്ന് ആരോപിച്ചു കൊണ്ട് ഒരു പരാതി എൻക്വയറി കമ്മിഷൻ ആന്റ് സ്പെഷ്യൽ ജഡ്ജിക്ക് സമർപ്പിച്ചിരുന്നുവെന്നും അത് ഒരു എഫ്.ഐ.ആർ. ആയി കണക്കാക്കി എൻക്വയറി കമ്മിഷൻ ഇൻവെസ്റ്റിഗേഷന് ഉത്തരവാക്കിയിട്ടുണ്ടെന്നും വിജിലൻസ് വകുപ്പ് അറിയിച്ചിട്ടുണ്ട്. സാധാരണഗതിയിൽ ആരോപണ വിധേയനായ ഒരു ഉദ്യോഗസ്ഥനെ അന്വേഷണത്തിന്റെ ആരംഭത്തിൽ സസ്പെന്റ് ചെയ്യുകയോ സർവ്വീസിൽനിന്നും നീക്കി നിറുത്തുകയോ ചെയ്യാറില്ല. പ്രാഥമിക അന്വേഷണത്തിൽ പ്രസ്തുത ഉദ്യോഗസ്ഥൻ എന്തെങ്കിലും അഴിമതിയോ, സ്വഭാവ ദൂഷ്യമോ കാണിച്ചിട്ടുണ്ടെന്ന് തെളിയുകയും പ്രസ്തുത ആൾ പദവിയിൽ തുടരുന്നത് മേൽനടപടിക്കോ പൊതു താൽപ്പര്യത്തിനോ ഹാനികരമാണെന്ന് ബോദ്ധ്യപ്പെടുകയും ചെയ്താൽ മാത്രമേ ഉദ്യോഗസ്ഥനെ സർവ്വീസിൽനിന്നും മാറ്റി നിറുത്താറുള്ളൂ. ഹാന്റ്ക്സ് എം.ഡി. ശ്രീ.മോഹൻകുമാറിന്റെ പേരിലുള്ള യാതൊരു ആരോപണങ്ങൾക്കും തെളിവ് ലഭിക്കുകയോ പ്രസ്തുത ആൾ പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്ന് ബോദ്ധ്യപ്പെടുകയോ ചെയ്തിട്ടില്ല. ഓണം അടുത്തിരിക്കുന്ന സമയമായതിനാൽ ഉത്സവകാല വില്പനയോട് അനുബന്ധിച്ചുള്ള നടപടിക്രമം പൂർത്തീകരിക്കുന്നതിന് പരിചയ സമ്പന്നനായ എം.ഡി. ഹാന്റ്ക്സിൽ തുടരേണ്ടത് ആവശ്യമാണെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടതിനാൽ ശ്രീ. മോഹൻകുമാറിന് മൂന്നു മാസത്തേയ്ക്കുകൂടി എം.ഡി. ആയി പുനർനിയമനം നൽകാൻ തീരുമാനിക്കുകയുണ്ടായി.

(9) കൃഷിനാശത്തിനുള്ള നഷ്ടപരിഹാരത്തുക യഥാസമയം ലഭിക്കാത്തതു സംബന്ധിച്ച്

ശ്രീ. കെ.എ. ചന്ദ്രൻ : സർ, കാലവർഷക്കെടുതികൊണ്ടും മുഞ്ഞബാധകൊണ്ടും കൃഷിനാശം സംഭവിച്ച കർഷകർക്ക് സർക്കാർ അനുവദിച്ച ആശ്വാസത്തുക യഥാസമയം ലഭിക്കാതിരിക്കുന്ന സ്ഥിതിവിശേഷത്തെക്കുറിച്ചാണ് ഞാൻ സബ്മിഷൻ ഉന്നയിക്കുന്നത്. കഴിഞ്ഞവർഷം ഒന്നാംവിള സമയത്ത് അതിവർഷവും അതിനോടനുബന്ധിച്ച് വ്യാപകമായി മുഞ്ഞബാധയും ഉണ്ടായി. ഇത് സർക്കാരിന്റെ ശ്രദ്ധയിൽ വന്നപ്പോൾ, കോടിക്കണക്കിനു രൂപയുടെ നാശനഷ്ടമാണ് ഉണ്ടായതെങ്കിലും ഒരു കോടി അഞ്ചു ലക്ഷം രൂപ ഈ ഇനത്തിൽ കർഷകർക്ക് കൊടുക്കാൻ അനുവദിക്കുകയുണ്ടായി. ഇപ്പോൾ ഉണ്ടായ കാലവർഷക്കെടുതിയ്ക്ക് ഏതാണ്ട് ഒരു കോടി മുപ്പതു ലക്ഷത്തിന്റെ നാശനഷ്ടം ഉള്ളതായി കണക്കാക്കി കളക്ടർ പ്രഖ്യാപിച്ചിട്ടുണ്ട്. കഴിഞ്ഞ ശനിയാഴ്ച കൂടിയ യോഗത്തിലാണ് കളക്ടർ പ്രഖ്യാപിച്ചത്. ഇങ്ങനെ നാശനഷ്ടം സംഭവിക്കുമ്പോൾ ഗവൺമെന്റിൽനിന്നും ഒരു ചെറിയ ശതമാനം ആശ്വാസ സംഖ്യയാണ് നൽകുന്നത്. ഈ സംഖ്യ കൃഷിഭവനിൽക്കൂടി ലഭ്യമാ

LIBRARY ARCHIVES Kerala Legislative Assembly

ക്കാൻ ട്രഷറി ചെക്കാണ് അവർ ഉപയോഗിക്കുന്നത്. ഒരു സമയത്ത് 25 ലീഫിന്റെ ഒരു ചെക്ക് ബുക്കു മാത്രമേ ട്രഷറിയിൽനിന്നും അനുവദിക്കുകയുള്ളൂ. ഈ 25 ലീഫ് കർഷകർക്ക് വിതരണം ചെയ്താൽ ആ 25 ലീഫും ട്രഷറിയിൽ വന്നതിനുശേഷം മാത്രമേ അടുത്ത ചെക്ക് ബുക്ക് കൊടുക്കുകയുള്ളൂ. ഇത്തരത്തിൽ പോയാൽ ചെക്ക് വിതരണം ചെയ്യാൻ വർഷങ്ങളെടുക്കും. അതുകൊണ്ട് പ്രായോഗികമായി നാശനഷ്ടം സംഭവിക്കുമ്പോൾ കൃഷി ഓഫീസർ കർഷകർക്കുവേണ്ടി പണം ഡ്രാ ചെയ്ത് പണമായി തന്നെ നൽകുകയോ, അല്ലെങ്കിൽ ഏറ്റവും അടുത്ത സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ കർഷകർക്കുവേണ്ടി കൃഷി ഓഫീസർ ട്രഷറിയിൽനിന്നും പണം ഡ്രാ ചെയ്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ചെക്കുപയോഗിച്ച് യഥാസമയം കൊടുക്കുകയെങ്കിലും ചെയ്ത് സഹായിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച പ്രശ്നം, ഈ കഴിഞ്ഞ വിരിപ്പു കൃഷിക്കാലത്ത് കുട്ടനാടൻ പ്രദേശത്തും പാലക്കാട് ജില്ലയിലും ഏതാണ്ട് 8228 ഏക്കർ സ്ഥലത്ത് മുഞ്ഞബാധിച്ചതിനെത്തുടർന്ന് കൃഷിനാശം സംഭവിക്കുകയുണ്ടായി. ഈ കൃഷിനാശം സംഭവിച്ച കർഷകർക്ക് അടിയന്തിര ആശ്വാസം എത്തിക്കുന്നതിനു വേണ്ടി റവന്യൂ വകുപ്പ് അടിയന്തിര നടപടി സ്വീകരിക്കുകയും ആശ്വാസം നൽകുന്നതിനുവേണ്ടി അനുവദിച്ച സംഖ്യ റവന്യൂ മന്ത്രി തന്നെ വിതരണം ചെയ്യുകയും ചെയ്തു. അതും ട്രഷറി ചെക്കായിട്ടാണ് വിതരണം ചെയ്തത്. ഇതിനുപുറമേ നാശനഷ്ടം സംഭവിച്ച കർഷകർക്ക് അടുത്ത കൃഷി ഇറക്കുന്നതിന് ആവശ്യമായിട്ടുള്ള വിത്ത്, ഇനി മുഞ്ഞ ബാധിക്കാതിരിക്കാൻ വേണ്ടിയുള്ള ഒരു കരുതൽ നടപടിയായിട്ടുള്ള കീടനാശിനി എന്നിവ സൗജന്യമായിട്ട് കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചു. 129 ലക്ഷം രൂപ ഇതിനുവേണ്ടി കണ്ടിജൻസി ഫണ്ടിൽനിന്നും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അനുവദിക്കുകയുണ്ടായി. പാലക്കാട്, കോട്ടയം, ആലപ്പുഴ എന്നീ 3 ജില്ലകളിലാണ് ഈ സംഖ്യ വിതരണം ചെയ്തത്. ഇതും ട്രഷറി ചെക്ക് വഴിയാണ് കൃഷിക്കാർക്ക് കൊടുക്കുന്നത്. ട്രഷറി ചെക്ക് ലീഫ് കിട്ടാൻ കാലതാമസം ഉണ്ടായി. അതിന്റെ ലഭ്യത കുറവായിരുന്നു. അതുകൊണ്ട് ഈ സംഖ്യ വിതരണം ചെയ്യുന്നതിനുവേണ്ടി അൽപ്പം കാലതാമസം ഉണ്ടായി; എങ്കിലും വിതരണം ചെയ്യുന്നുണ്ട്. പക്ഷെ ഓരോ ദിവസവും ട്രഷറിയിൽനിന്നും കിട്ടുന്ന ലീഫിന്റെ എണ്ണം കുറവാണ്. അതുകൊണ്ട് ഒരു ചെറിയ ബുദ്ധിമുട്ട് ഉണ്ടായിരുന്നു. പാലക്കാട്ട് ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ആലോചിച്ചപ്പോൾ, ഇപ്പോൾ ചെക്ക് ലീഫിന്റെ ലഭ്യത വർദ്ധിച്ചിട്ടുണ്ട്; ഇപ്പോൾ ആ പ്രശ്നം ഇല്ല എന്നാണ് അറിയിച്ചിട്ടുള്ളത്. ആ കാര്യം ബഹുമാനപ്പെട്ട സ്പീക്കർക്കുകൂടി അറിയാമല്ലോ. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി ആലോചിച്ച് ഇതിന് ഒരു പരിഹാരം ഉണ്ടാക്കാനുള്ള നടപടി സ്വീകരിക്കും. കഴിഞ്ഞ വർഷം ഉണ്ടായ കാലവർഷക്കെടുതിയിൽ 765 ലക്ഷം രൂപ വിവിധ ജില്ലകളിലായി കൊടുത്തിട്ടുണ്ട്. അത് വിതരണം ചെയ്തു. ഇപ്പോൾ ഈ ജൂൺ മാസത്തിൽ ഉണ്ടായ കാലവർഷക്കെടുതിയിൽ കൃഷിനാശം ഉണ്ടായതിന് 2 കോടി രൂപയാണ് വിവിധ ജില്ലകൾക്ക് കൊടുത്തിട്ടുള്ളത്. പാലക്കാട് ജില്ലയ്ക്ക് 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly